സിറാജ്

06 January 2020

രാജ്യാന്തര സിമ്പോസിയം

# സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിന് രൂപരേഖ വരുന്നു

**കൊച്ചി|** സമുദ്ര ആവാസവ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന മൂന്നാമത് രാജ്യാന്തര സിമ്പോസിയം നാളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ തുടങ്ങും. കാലാവസ്ഥാ വ്യതിയാനവും അതിനെ തുടർന്ന് കടലിലുണ്ടാകുന്ന പാരിസ്ഥിതിക മാറ്റങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് സമ്മേളനം ഊന്നൽ നൽകും. നാല് ദിവസം നീണ്ടുനിൽക്കുന്ന സിമ്പോസിയത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമുദ്രശാസ്ത്രജ്ഞർ, മത്സ്യ ഗവേഷകർ, കാലാവസ്ഥാ പഠന വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും.

നാളെ ഉച്ചക്ക് മൂന്നിന് ഫിൻലാൻഡിലെ നാച്ചുറൽ റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ബ്ലൂ ബയോ ഇക്കോണമി വിദഗ്ധനുമായ ഡോ. പെട്രി സ്യൂറോണൻ സിമ്പോസിയം ഉദ്ഘാടനം ചെയ്യും. 'ആഴക്കടലിലെ ട്രോളിംഗ് രീതികൾ എങ്ങനെ സമുദ്ര ആവാസവ്യവസ്ഥക്ക് പരിക്കേൽക്കാത്ത തരത്തിലേക്ക് മാറ്റാമെന്നതിനെ' കുറിച്ച് അടുത്തിടെ അദ്ദേഹം നടത്തിയ പഠനം ആഗോളതലത്തിൽ ശ്രദ്ധനേടിയിരുന്നു. സമുദ്രമത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷകരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ ആണ് സിമ്പോസിയം സംഘടിപ്പിക്കുന്നത്. അറബിക്കടലിൽ അസാധാരണമാം വിധം ചൂടുയരുന്നതിന്റെയും ഈയിടെയായി അടിക്കടി ഉണ്ടാകുന്ന ചുഴലിക്കാറ്റ് പോലുള്ള പ്രതികൂല കാലാവസ്ഥാ പ്രതിഭാസങ്ങളുടെയും പശ്ചാത്തലത്തിൽ സമ്മേളനത്തിലെ ചർച്ചകൾക്ക് അതീവ പ്രാധാന്യമുണ്ട്.

കാലാവസ്ഥാ മാറ്റവുമായി ബന്ധപ്പെട്ട ചർച്ചകളിൽ നീല ഹരിത ആവാസവ്യവസ്ഥ, സമുദ്ര അമ്ലീകരണം, സമുദ്ര ജലോപരിതല ഊഷ്മാവിന്റെ വർധനവ്, കാർബൺ വാതകങ്ങൾ, ക്ലൈമറ്റ് സ്മാർട് സാങ്കേതികവിദ്യകൾ തുടങ്ങിയ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ചെറുകിട മത്സ്യമേഖലയുടെ വികസനം, ഹരിത മത്സ്യബന്ധനം, ജലകൃഷി രംഗത്തെ പുതിയ കണ്ടെത്തലുകൾ, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക- സാമ്പത്തിക വികസനം തുടങ്ങിയ വിഷയങ്ങളിലും ചർച്ചകളുണ്ടാകും.

സമുദ്രമത്സ്യ മേഖല നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും അവ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ സമാഹരിക്കുകയും ചെയ്യും. മത്സ്യസമ്പത്ത് കുറയൽ, സമുദ്ര മലിനീകരണം, പ്ലാസ്റ്റികിന്റെ ആധിക്യം, താപനിലയിലെ വർധനവ് എന്നിവ കൊണ്ട് വലയുന്ന മേഖലയുടെ സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനുമുള്ള രൂപരേഖ വിദഗ്ധർ തയ്യാറാക്കും.

അടുത്ത മൂന്ന് വർഷത്തേക്ക് ഇന്ത്യൻ സമുദ്രമത്സ്യ മേഖലയിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ട വിഷയങ്ങളാണ് രൂപരേഖയിൽ ഉൾപ്പെടുത്തുക. സമുദ്രമത്സ്യ മേഖലയിലെ മികച്ച സംഭാവനക്ക് എം ബി എ ഐ ഏർപ്പെടുത്തിയ ഡോ. ജോൺസ് പുരസ്കാരം ചെന്നൈ ചെട്ടിനാട് സർവകലാശാല വൈസ് ചാൻസലർ ഡോ. ടി ബാലസുബ്രമണ്യന് സമ്മാനിക്കും.